അനുവദിക്കുന്നു. 50,000 രൂപ വരെ പലിശ രഹിത വായ്പയാണ് നൽകുന്നത്. 50,000 രൂപയ്ക്കുമേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾ 3% പലിശ (പ്ലാറ്റ് നിരക്കിൽ) 50,000 രൂപയ്ക്ക് മേലുള്ള സംഖ്യയ്ക്ക് നൽകേണ്ടതാണ്. പദ്ധതി പ്രകാരം സ്വയംതൊഴിൽ ധനസഹായത്തിന് പരിഗണിച്ചവർക്ക് സൗജന്യമായി Rural Self Employment Training Institute (RSETI) വഴി സംരംഭകത്വ വികസന പരിശീലനം നൽകുന്നു. കൂടാതെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി പ്രവർത്തിക്കുന്ന സ്വയംതൊഴിൽ യൂണിറ്റുകൾവഴി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

(ഡി) മുൻ സാമ്പത്തിക വർഷങ്ങളിൽ സ്വീകരിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ അടിയന്തരമായി പദ്ധതി പ്രകാരം വായ്പയ്ക്ക് ശിപാർശ ചെയ്യുന്നതിനായി ജില്ലാതല സമിതിക്ക് സമർപ്പിക്കുവാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിലെ ഗുണഭോക്താക്കൾക്ക് ഓരോ ജില്ലയിലെയും ബാങ്കുകളുമായി ബന്ധപ്പെട്ട RSETI (Rural Self Employment Training Institute) വഴി സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നു.

വ്യവസായ തൊഴിലാളികളുടെ അധിക ക്ഷാമബത്ത

171 (6876). ശ്രീ. സി. ദിവാകരൻ :
ശ്രീ. പിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ തൊഴിലാളികൾക്ക് നൽകേണ്ട അധിക ക്ഷാമബത്ത നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ നൽകിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു മാസത്തിനുള്ളിൽ പുതുക്കിയ ക്ഷാമബത്ത പ്രഖ്യാപിച്ച് നടപ്പിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവുണ്ടായിട്ടുണ്ടോ ; മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിലാളികൾക്ക് വർദ്ധിക്കേണ്ട അധിക ക്ഷാമബത്ത സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&സി) വേരിയബിൾ ഡി.എ. ആയതിനാൽ അധിക ഡി.എ.-ക്ക് പ്രസക്തി ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മനുഷ്യാവകാശ കമ്മീഷനിൽനിന്നും അങ്ങനെയൊരു ഉത്തരവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷാമബത്ത സംബന്ധിച്ച് ശ്രീ. ജി. സുരേഷ് കുമാർ എന്ന വ്യവസായ തൊഴിലാളി സമർപ്പിച്ച പരാതിയിന്മേൽ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ ഒരു കത്ത് നൽകുകയുണ്ടായി. ഈ കത്തിന് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മറുപടി സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

172 (6877) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലും പുനരധിവാസവും വകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയും 2011-12-ലും 2012-13-ലും 2013-14-ലും എത്ര തുകവീതം ലഭിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയും 2011-2012-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) 2012-13-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഇ) 2013-14-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

തൊഴിൽ വകുപ്പ് കാലോചിതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കുന്നതിന് നടപടി

173 (6878) ശ്രീ. പിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുഭരണ പരിഷ്ക്കാര വകുപ്പ് (പി. & എ.ആർ.ഡി.) തൊഴിൽ വകുപ്പിന്മേൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) വർഷങ്ങൾക്കുമുമ്പ് നിർണ്ണയിക്കപ്പെട്ട കാലോചിതമല്ലാത്ത സ്റ്റാഫ് പാറ്റേണും സംവിധാനങ്ങളും ശാസ്ത്രീയമായി പുനഃക്രമീകരിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly